(ബി) പോങ്ങോട്ടുകടവ് പാലത്തിന്റെ സമീപ റോഡുകൾ വാഹനങ്ങൾ പോകുന്നതിന് തടസ്സമില്ലാത്ത വിധം ക്രമീകരിച്ചിട്ടുണ്ട്. ടി സമീപ റോഡുകളുടെ ചിപ്പിംഗ് കാർപെറ്റിന്റെ പണികളുടെയും കുളിക്കടവിന്റെ പണികളുടെയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പൂവത്തുംമൂട് കടവ് പാലത്തിന്റെ സമീപ റോഡുകൾ 7 മീറ്റർ വീതിയിൽ ടാറിംഗ് പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്.

(സി) തിരുവാഭരണ ഘോഷയാത്ര കടന്നു പോകുന്ന കാലയളവിനു മുമ്പുതന്നെ പാലങ്ങളുടേയും സമീപ റോഡുകളുടെയും പണികൾ പൂർത്തീകരിക്കുന്നതാണ്.

## പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികൾ

237(3123) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; ഓരോ പ്രവൃത്തികളുടെയും പേരും തുകയും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത്, ദേശീയപാത, കെട്ടിട വിഭാഗങ്ങൾ നടപ്പിലാക്കിയ പ്രവൃത്തികളും അവയുടെ പേരും, തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇതുകൂടാതെ കോഴിക്കോട് നഗരറോഡ് വികസന പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ താഴെപ്പറയുന്ന റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ എഗ്രിമെന്റ് വയ്ക്കുകയും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്.

1. ഗാന്ധി റോഡ് - മിനി ബൈപ്പാസ് റോഡ്
2. പനത്തുതാഴം - CWRDM റോഡ്
3. വെള്ളിമാട് കുന്ന് - കോവൂർ റോഡ്
4. എരഞ്ഞിപ്പാലം - അരയടത്ത് പാലം റോഡ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly